# ജില്ലാ തല സിറ്റിസൺ അദാലത്ത് സമിതി തീരുമാനം

Docket No. BPPTA20403000042

വിഷയം: -പത്തനംതിട്ടജില്ല - സീതത്തോട് ഗ്രാമപഞ്ചായത്ത് - സീതത്തോട് വില്ലേജ് - സർവ്വേ നമ്പർ 189/2 ൽ 1.72 ആർ സ്ഥലത്ത് നിലവിൽ നിർമ്മാണം നടക്കുന്ന കെട്ടിടം - നിർമ്മാണാനുമതി - പുന:പരിശോധിക്കുന്നത് സംബന്ധിച്ച്.

സൂചന :-1.BPPTA20403000042 ഡോക്കറ്റ് നമ്പർ അപേക്ഷയില് ഉപജില്ലാ അദാലത്ത് സമിതി 2 ന്റെ 10/12/2024 തീയതിയിലെ തീരുമാനം

2.കരുതലും കൈത്താങ്ങും - 2024 PTA/0206/S/90298 ഡോക്കറ്റ് നമ്പർ അപേക്ഷയിലെ ബഹുമാനപ്പെട്ട മിനിസ്റ്ററുടെ തീരുമാനം

3.ജില്ലാ ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ.വകുപ്പ്, ജില്ലാ ടൌൺ പ്ലാനർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ്ജ് ഓഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) എന്നിവർ 20/12/2024 `ന് നടത്തിയ സംയുക്ത സ്ഥല പരിശോധന.

4.ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിച്ച പെർമിറ്റ്, \ അംഗീകൃത പ്ലാൻ തുടങ്ങിയ രേഖകൾ.

സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ S4-BA (282476)/2022 തീയതി 30/08/2022 നമ്പരായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരുന്നു.പ്രസ്തുത അംഗീകൃത പ്ലാനുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അടിയന്തിരമായി റിപ്പോർട്ട് നൽകണം എന്നാവശ്യപ്പെട്ടിരിക്കുന്നതിനാൽ പ്രാഥമിക പരിശോധന മാത്രമാണ് നടത്തിയിട്ടുള്ളത്.

1. കെ.പി.ബി.ആർ 2019 ചട്ടം 6(3) പ്രകാരം ആവശ്യമായ Appendix J1 സർട്ടിഫിക്കറ്റ് ചേർത്തല്ല രജിസ്റ്റേർഡ് എഞ്ചിനീയർ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്.

2. കെ.പി.ബി.ആർ 2019 ചട്ടം 9(2) പ്രകാരം ആവശ്യമായ സർട്ടിഫിക്കറ്റുകൾ (Appendix J2) ചേർത്തല്ല സെക്രട്ടറി പ്ലാനുകൾ അംഗീകരിച്ചിരിക്കുന്നത്.
3. പ്ലാനിൽ 4 നിലകൾ ഉണ്ട് എങ്കിലും ഏരിയ സ്റ്റേറ്റ്മെന്റിൽ രണ്ട് നിലകളുടെ വിസ്തീർണ്ണം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കെ.പി.ബി.ആർ 2019 ചട്ടം 2(1) (p) പ്രകാരംഎല്ലാനിലകളുടേയും, വിസ്തീർണ്ണം build up area യിൽ ഉൾപ്പെടുത്തേണ്ടതാണ്. കൃത്യമായ വിസ്തീർണ്ണം, ലഭ്യമല്ലാത്തതിനാൽ ആയതിൻ പ്രകാരമുള്ള കവറേജ്, പാർക്കിംഗ്,FSI , സാനിട്ടേഷൻ സൌകര്യങ്ങൾ ഉൾപ്പെടെയുള്ള ചട്ടങ്ങൾ പരിശോധിക്കുന്നതിന് കഴിയില്ല.
4. കെട്ടിടത്തിന്റെ cross section നിൽ കെട്ടിട ഉയരം കണക്കുകൂട്ടുന്നതിനാവശ്യമായ proposed ground level രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കെട്ടിടത്തിന്റെ ഉയരത്തിന് ആനുപാതികമായി കെ.പി.ബി.ആർ 2019 ചട്ടം 26(4) പ്രകാരംആവശ്യമായതുറസ്സായ സ്ഥലം സൈറ്റ് പ്ലാനിൽ നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് കഴിയില്ല.
5. കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.
6. സ്റ്റെയർ കേസിന്റെ അളവുകൾ, പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് ചട്ടം 35(1) പാലിക്കുന്നില്ല. കെ.പി.ബി.ആർ 2019 ചട്ടം 35(2) പ്രകാരം ആവശ്യമായ ഫയർ എസ്കേപ്പ് സ്റ്റെയർ കേസ് നൽകിയിട്ടില്ല.

nent

7. കെ.പി.ബി.ആർ 2019 ചട്ടം 42 പ്രകാരം ഉള്ള എല്ലാ സൌകര്യങ്ങളും നൽകിയിട്ടില്ല.
8. ഫ്ലോർ പ്ലാനിന് അനുസൃതമല്ല സൈറ്റ് പ്ലാൻ കാണിച്ചിരിക്കുന്നത്. സ്ഥല പരിശോധയിൽ, ആറിന്റെ അതിരിനോട് ചേർന്ന ഭാഗം ഉൾപ്പെടെ അതിർത്തി വ്യക്തമല്ല എന്നതിനാൽ തുറസ്സായ സ്ഥലങ്ങൾ പരിശോധിക്കുന്നതിന് കഴിയില്ല.

അടിയന്തിരമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശമുള്ളതിനാൽ നടത്തിയ പ്രാഥമിക പരിശോധനയിൽ മേൽ പറഞ്ഞ ന്യൂനതകളും, ചട്ടലംഘനങ്ങളുള്ള പ്ലാനിനാണ് പെർമ്മിറ്റ് നൽകിയിരിക്കുന്നത് എന്ന് കാണുന്നു. <u>ആയതിനാൽ താഴെ പറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്യുന്നു.</u>

a. നിലവിലെ അംഗീകൃതപ്ലാനുകൾ ചട്ടലംഘനങ്ങളോട് കൂടിയതായതിനാൽപ്ലാനുകളുടെ വിശദമായ പരിശോധന, കൃത്യമായ സ്ഥല പരിശോധന എന്നിവ നടത്തി അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും മുഴുവൻ കെ.പി.ബി.ആർ 2019 ചട്ടലംഘനങ്ങളും രേഖാമൂലം വാങ്ങേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി, കെ.പി.ബി.ആർ 2019 ചട്ടം 16 പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ് കെ.പി.ബി.ആർ 2019 ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്ന പ്ലാനുകൾ അപേക്ഷകൻ, സെക്രട്ടറി മുമ്പാകെ ഹാജരാക്കി പുതുക്കിയ നിർമ്മാണാനുമതി നേടേണ്ടതാണ് എന്ന വിവരം കൂടി അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(നടപടി : സെക്രട്ടറി, സീതത്തോട്ഗ്രാമപഞ്ചായത്ത്)

b. കെ.പി.ബി.ആർ 2019 ചട്ട ലംഘനങ്ങളോടെയും, ചട്ടങ്ങൾ പരിശോധിക്കുന്നതിന് വിവരങ്ങൾ ഉൾപ്പെടുത്താതെയും, സർട്ടിഫിക്കറ്റ് ചേർക്കാതെയും

പ്ലാനുകൾ സാക്ഷ്യപ്പെടുത്തി നിർമ്മാണാനുമതിക്കായി നൽകിയ രജിസ്റ്റേർഡ് എഞ്ചിനീയറോട് വിശദീകരണം വാങ്ങി തുടർ നടപടികൾ കൈക്കൊള്ളാവുന്നതാണ്.
(നടപടി :ബഹു.ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ വകുപ്പിനോട് ജില്ലാ സമിതി ശുപാർശ ചെയ്യുന്നു).

c. ചട്ടലംഘനങ്ങളോടുകൂടി പ്ലാനുകൾ ചട്ടം പാലിക്കുന്നു എന്ന് റിപ്പോർട്ട് തയ്യാറാക്കി നിർമ്മാണാനുമതിക്കായി ശുപാർശ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സാങ്കേതിക വിഭാഗം ജീവനക്കാർ, ആവശ്യമായ പരിശോധന നടത്താതെ സർട്ടിഫിക്കറ്റ് ചേർക്കാതെ പെർമിറ്റ് നൽകിയ സെക്രട്ടറി തുടങ്ങിയ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ട് തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ബഹു.പ്രിൻസിപ്പൽ ഡയറക്ടർക്ക് റിപ്പോർട്ട് നൽകാവുന്നതാണ്.
(നടപടി : ബഹു.ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ വകുപ്പിനോട് ജില്ലാ സമിതി ശുപാർശ ചെയ്യുന്നു).

d. ഉപജില്ലാ അദാലത്ത് സമിതി മുമ്പാകെ വരുന്ന പരാതികൾ കൃത്യമായി പരിശോധിച്ച് വേണം നടപടികൾ കൈക്കൊള്ളുവാൻ എന്ന താക്കീത് ഉപജില്ലാ അദാലത്ത് സമിതി അംഗങ്ങൾക്ക് നൽകാവുന്നതാണ്.

(നടപടി : ബഹു.ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ വകുപ്പിനോട് ജില്ലാ സമിതി ശുപാർശ ചെയ്യുന്നു).

**ജില്ലാതല അദാലത്ത് സമിതി അംഗങ്ങൾ :**

1) നൈസാം എ എസ്, ജില്ലാജോയിൻറ് ഡയറക്ടർ

District Joint Director
Local Self Government Departm
Pathanamthitta

2) രമേഷ് കെ എസ് , അസിസ്റ്റൻറ് ഡയറക്ടർ

3) അരുൺ ജി , ജില്ലാ ടൗൺ പ്ലാനർ

TOWN PLANNER
PATHANAMTHITTA

4) ശ്രീകല ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ്ജ് ഓഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ